
മഞ്ജുളം
എൻ എസ് എസ് ഹൈസ്കൂൾ
അകത്തേത്തറ

# ഉള്ളടക്കം

ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | ആശംസകൾ | ശ്രീമതി രാജേശ്വരി എം കെ (പ്രധാനാധ്യാപിക) | 3 |
| 2. | ആമുഖം | ശ്രീമതി ലത ടി നായർ (എസ് ഐ ടി സി) | 4 |
| 3. | എഡിറ്റോറിയൽ ബോർഡ് | | 5 |
| 4. | ഫോട്ടോഗാലറി | | 6 |
| 5. | പ്രശസ്തരായ എഴുത്തുകാരും അവരുടെ പ്രശസ്തമായ കൃതികളും | *ആരതി വി ബിനീഷ്* | *7* |
| | കിരാതവൃത്തം(കടമ്മനിട്ടയുടെ കവിതകൾ) | ദീപ്തി | 8 |
| 6. | ചിത്രം | ആരതി വർമ്മ വി എൻ | 9 |
| 7. | ആഗ്രഹം | ആർജിത് | 10 |
| 8. | നാടവ് പാട്ടുകൾ | ഹെർമ്മൽ | 11 |
| 9. | ചിത്രം | ആര്യ | 12 |
| 10. | ആകാശത്തെ വെള്ളിപ്പറവകൾ | അശ്വതി | 13 |
| 11. | പുന്നക്കുരു തമ്പുരാൻ | സാന്ദ്ര | 14 |
| 12. | ആൽകെമിസ്റ്റ് | സജീഷ് | 15 |
| 13. | ബേപ്പൂർ സുൽത്താൻ | ദീപ്തി | 16 |
| 14. | ഗുരുവും ശിഷ്യനും | ആദർശ ഡി | 17 |
| 15. | ചിത്രം(കവിത) | | 18 |

# ആശംസകൾ



അകത്തേത്തറ എൻ എസ് എസ് ഹൈസ്കൂളിലും കൈറ്റിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നത് ഏറെ സന്തോഷകരമാണ്. ആധുനിക സാങ്കേതിക വിദ്യകൾ ആർജിക്കുന്നതിൽ ലോകത്തോടൊപ്പം നീങ്ങാൻ പ്രാപ്തരായ ഒരു തലമുറയെ സൃഷ്ടിക്കാനുള്ള ശ്രമത്തിൽ പങ്കാളിയാവാൻ കഴിഞ്ഞതിലും അതിന്റെ പ്രവർത്തനങ്ങൾ നേരിൽ കണ്ട് ബോധ്യപ്പെടാൻ സാധിച്ചതിലും ഏറെ സന്തോഷം. ഈ ഉദ്യമത്തിനും ഇതിന് നേതൃത്വം നൽകിയ അധ്യാപകർക്കും എല്ലാ അഭിനന്ദനങ്ങളും. സജീവമായ പങ്കാളിത്തത്തിലൂടെ ഈ മാഗസിൻ യാഥാർഥ്യമാക്കിയ വിദ്യാർഥികൾക്ക് അഭിനന്ദനങ്ങളും ആശംസകളും.

രാജേശ്വരി എം കെ
പ്രധാനാധ്യാപിക

# ആമുഖം

അകത്തേത്തറ എൻ എസ് എസ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സഹകരണത്തോടെ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനാണ് വൈഖരി. വിദ്യാലയത്തിന്റെ പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഈ ചെറിയ സംരംഭം നല്ല രീതിയിൽ പൂർത്തിയാക്കുവാൻ ആ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. അധ്യാപകരുടെ പിന്തുണയോടെ വിദ്യാർഥികൾ സ്വന്തമായി ശേഖരിച്ച് അവർ തന്നെ ടൈപ്പ് ചെയ്ത് എഡിറ്റ് ചെയ്ത ഈ മാഗസിൻ വലിപ്പത്തിൽ ചെറുതെങ്കിലും അവരുടെ പരിശ്രമത്തിന്റെ മൂല്യം കണക്കാക്കുമ്പോൾ വളരെ വലുതാണ്. ഈ ഉദ്യമത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർഥികളെയും ആത്മാർഥമായി അഭിനന്ദിക്കട്ടെ. ആദ്യ സംരംഭമെന്ന നിലയിൽ ഇതിന് പോരായ്മകൾ ഉണ്ടായേക്കാം അവ പരിഹരിച്ച് മെച്ചപ്പെട്ട മാഗസിൻ തുടർവർഷങ്ങളിൽ ഉണ്ടാകുമെന്ന് പ്രത്യാശിക്കാം. ഇതിന്റെ അണിയറയിൽ പ്രവർത്തിച്ച ഏവർക്കും അഭിനന്ദനങ്ങൾ.

ലത ടി നായർ

എസ് ഐ ടി സി

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

- ആര്യ യു

## എഡിറ്റോറിയൽ ബോർഡ്

- ആരതി വർമ്മ വി എൻ
- അശ്വതി ബി
- ആരതി വി
- ദീപ്തികൃഷ്ണ കെ
- സാന്ദ്ര ബി
- ലക്ഷ്മി കെ മേനോൻ
- അപർണ യു
- അർച്ചന ആർ
- ജെസ്ന ഐ
- ആദർശ ഡി
- ബിനീഷ് ബി
- അർജിത്ത് എം
- സതീഷ് യു
- ഹരീഷ് എസ് വി
- മിഥുൻ എം
- രാകേഷ് ജി
- ഹേമൽ സി എൻ

## സ്റ്റാഫ് എഡിറ്റർമാർ

സന്ധ്യ സി ആർ & ലക്ഷ്മി സി ആർ

# ഫോട്ടോ ഗാല്ലറി



**പരിസ്ഥിതി ദിനം**

**<u>വിനോദയാത്ര</u>**






**നേച്ചർ ക്യാമ്പ്**

# പ്രശസ്തരായ എഴുത്തുകാരും അവരുടെ പ്രശസ്തമായ കൃതികളും


- മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാട്- നാരയണീയം
- കെ. പി. കേശവപിള്ള - കേശവീയം
- സി. വി. രാമൻപിള്ള - മർത്താണ്ഡ വർമ്മ, ധർമ്മ രാജ, രാമരാജബഹദൂർ
- അപ്പുനെടുങ്ങാടി - കുന്ദലത
- ഒ. ചന്തുമേനോൻ - ഇന്ദുലേഖ, ശാരദ
- നാലപ്പാട്ട് നാരായണ മേനോൻ - കണ്ണുനീർത്തുള്ളി
- വി. ടി. ഭട്ടതിരിപ്പാട്- അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്
- അപ്പൻ തമ്പുരാൻ - ഭൂതരായർ
- പി. സി. കുട്ടികൃഷ്ണൻ[ ഉറൂബ്] - സുന്ദരികളും സുന്ദരന്മാരും, ഉമ്മാച്ചു
- പി. കേശവദേവ്- ഓടയിൽ നിന്ന്, അയൽക്കാർ ഉലക്ക, റൗഡി
- ലളിതാംബിക അന്തർജനം - അഗ്നിസാക്ഷി
- സി. എൻ. ശ്രീകണ്ഠൻനായർ - കാഞ്ചനസീത
- എൻ. വി. കൃഷ്ണവാരൃർ - ഗാന്ധിജിയും ഗോഡ്സെയും
- കുട്ടികൃഷ്ണമാരാർ - ഭാരതപര്യടനം
- ഇ. വി. കൃഷ്ണപിള്ള - ചിരിയും ചിന്തയും
- സി. ജെ. തോമസ്- അവൻ വീണ്ടും വരുന്നു
- ജോസഫ് മുണ്ടശ്ശേരി - നാടകാന്തം കവിത്വം
- എൻ. എൻ. പിള്ള - ഈശ്വരൻ അറസ്റ്റിൽ, കാപാലിക
- ബാലാമണിയമ്മ - അമ്മ, സോപാനം, മുത്തശ്ശി മഴുവിന്റെ കഥ
- വൈലോപ്പിള്ളി ശ്രീധരമേനോൻ - കന്നിക്കൊയ്ത്ത്, മകരക്കൊയ്ത്ത്, കുടിയൊഴിക്കൽ
- പി. കുഞ്ഞിരാമൻ നായർ - കളിയച്ഛൻ, താമരത്തോണി
- ജി. ശങ്കരക്കുറിപ്പ്- ഓടക്കുഴൽ, ഓലപ്പീപ്പി
- ചങ്ങമ്പുഴ - രമണൻ, വാഴക്കുല
- ഉള്ളൂർ - ഉമാകേരളം, കർണ്ണഭൂഷണം, പിങ്ഗള
- കുമാരനാശാൻ - വീണപൂവ്, നളിനി, ലീല, കരുണ, ചണ്ഡാലഭിക്ഷുകി, പ്രരോദനം
- വള്ളത്തോൾ - സാഹിത്യമഞ്ജരി, ചിത്രയോഗം, മഗ്ദലനമറിയം, ബധിരവിലാപം
- തുഞ്ചത്തെഴുത്തച്ഛൻ - ഭാരതംകിളിപ്പാട്ട്, രാമായണംകിളിപ്പാട്ട്, ഹരിനാമകീർത്തനം
- ചെറുശേരി - കൃഷ്ണഗാഥ
- പൂന്താനം - ജ്ഞാനപ്പാന
- തകഴി ശവശങ്കരപ്പിള്ള - ചെമ്മീൻ, രണ്ടിടങ്ങഴി, കയർ, ഏണിപ്പടികൾ, തോട്ടിയുടെ മകൻ
- വൈക്കംമുഹമ്മദ്ബഷീർ - ബാല്ല്യകാലസഖി

***തയ്യാറാക്കിയത്***

***ആരതി വി ബിനീഷ്***

# കിരാതവൃത്തം(കടമ്മനിട്ടയുടെ കവിതകൾ)

ഈറ്റപ്പുലി നോറ്റു കിടക്കും
ഈറൻകണ്ണു തുറന്നും
കരിമുർഖൻ വാലില കിളരും
പുരികം പാതി വളച്ചും
നീറായ വനത്തില നടുവില
നിലപ്പു കാട്ടാളൻ.......
നെഞ്ചത്തൊരു പന്തം കുത്തി
നിൽപ്പു കാട്ടാളൻ.......
ആകാശത്തച്ഛൻ ചത്തു
കിടപ്പതു കണ്ടു നടുങ്ങി
മലയോരത്തമ്മയിരുന്നു
ദഹിപ്പതു കണ്ടു കലങ്ങി
മുല പാതി മുറഞ്ഞവാളാറ്റിൻ -
കരയിൽ കനലായി വിളിച്ചു
കനലിൻ വിളി ചാട്ടുളിയായി
കരളിൽ ചെന്നാണുതറച്ചു
കണലേറ്റ കരിമ്പുലി പോലെ
ഉരുൾപൊട്ടിയ മാമലപോലെ
ഉലകാകെയുലയ്ക്കും മട്ടിൽ
അലറീ കാട്ടാളൻ.......
അലകടലിൻ വേരുപറിക്കാൻ
കുതറീ കാട്ടാൻ......
ഒരുനിമിഷം തേങ്ങിക്കരയും
വേഴാമ്പൽ പക്ഷികണക്കെ
മഴനീരിനു മാനം നോക്കി -
യിരുന്നൂ കാട്ടാളൻ.......
മാനത്തിനു മൗനം,ഭ്രന്ത -
സ്നേഹത്തിനു ദാഹം പെരുകി
മാന്തോപ്പുകളുരുകംമണ്ണി
ലിരുന്നൂ കാട്ടാളൻ.......
കരിമേഘം ചത്തുകിടക്കും
കങ്കോളക്കടല്ലോ മാനം
കരിമരണം കാവലിരിക്കും
കടുനോവിൻ കോട്ടയിലോ ഞാൻ?
എവിടെൻെറ കിനാക്കൾ വിതച്ചോ
രിടിമിന്നലോ പൂക്കും മാനം
എവിടെൻെറ തുളസിക്കാട്ടുകൾ
ഈറൻമുടി കോതിയ സ
പച്ചപൈ ചാടിനടക്കും
മുത്തങ്ങാപ്പുല്ലുകളെവിടെ?
കറുകപ്പുൽത്തുമ്പത്തമ്പിളി
കളമെഴുതിപാടിയരാവുകൾ
കാറ്റിൻെറ ചിലങ്കകൾ കെട്ടി
കാട്ടാറിൻ തരിവള മുട്ടി
കാടത്തികൾ ചോലമരത്തിൻ
ചോട്ടിൽ ചുവടൊത്തു കളിക്കെ
കരിവീട്ടിക്കാതൽ പിണഞ്ഞതും
കൺപീലിക്കാട്ടു വിടർന്നും
കവിളത്തഴകേഴു വളഞ്ഞും
പൂഞ്ചായൽ കെട്ടുകളുർന്നും
ഉടലിളകിയരക്കെട്ടിളകി
മുലയിളകിക്കാർമുടി ചിതറി
കാടത്തികൾ ചോലമരത്തിൽ



ചോട്ടിൽ ചുവടൊത്തു കളിക്കെ
മുളനാഴി നിറച്ച പഴഞ്ചാ
റൊരു മോന്തിനു ലഹരിപിടിച്ചാ
മാഞ്ചോട്ടിൽ താളം കൊട്ടി
തലയാട്ടിയ ഞാനിന്നെവിടെ?
എവിടെപ്പോയെൻെറ ദിനങ്ങൾ?
എവിടെപ്പോയെൻെറ കിടാങ്ങൾ?
തേൻകൂട്ടുകൾ തേടിപ്പോയോ
രാമൺകുട്ടികളെൻെറ കിടാങ്ങൾ?
പൂക്കുട നിറയ്ക്കാൻ പോയോ
രെൻകുട്ടികൾ പെൺപൈതങ്ങൾ.
അമ്മിഞ്ഞച്ചുണ്ടത്തൊട്ടിയൊ
രാസൽപ്പുമൊട്ടുകളെവിടെ?
തളിരെല്ലുകൾ കരിയും മണമോ
തറയുന്ന നാഡികളിൽ
മലരുരുകിയൊലിക്കും നിറമോ
നിറയുന്ന ദിക്കുകളിൽ?
ഈറ്റപ്പുലി മുരളും കണ്ണിൽ
ഊറിയടർന്നൊരു തിത്തുള്ളി
കാട്ടാളൻ കരളിൽ നറുങ്ങിയ
നട്ടെല്ലു നിവർന്നെഴുന്നേറ്റു
ചുരമാന്തിയെഴുന്ന കരത്തിൻ
തിരമാലകൾ ചീറിയലച്ചു
"വേട്ടക്കാരവരുടെ കൈയുകൾ
വെട്ടും ഞാൻ കൽമഴുവോങ്ങി
മലതീണ്ടിയശുദ്ധം ചെയ്തവർ
തലയില്ലാതൊഴുകണമാറ്റിൽ
മരമൊക്കെയരിഞ്ഞവരെന്നുടെ
കലമൊക്കെ മുടിച്ചവരവരുടെ
കുടൽമാലകൾകൊണ്ടു ജഗത്തിൽ
നിറമാലകൾ തൂക്കും ഞാൻ.
കരലുരിയെടുക്കും ഞാനാ
ക്കുഴലൂതി വിളക്കും വീണ്ടും
മത്താടി മയങ്ങിയ ശക്തികൾ
എത്തും ഞാൻ വില്ലുകുലയ്ക്കും
കുലവില്ലിനു പ്രാണഞരമ്പുകൾ
പിരിയേറ്റിയ ഞാണേറ്റും ഞാൻ
ഇടിമിന്നലൊടിച്ചസഗ്നി
ത്തിരയായക്കരിമുകിലിൽ ചെ
ന്നുരയും പൊരി പേമഴയായി
പ്പൊഴിയും പൊടിവേരുകളായി
പ്പടരും മുള പൊട്ടിവിളിക്കും
കിരണം.......
ഒരു സൂര്യനുദിക്കും
നിഴലായിട്ടമ്പിളി വളരും
വളരും വനമോടികളാടിത്തെളിയും
വനമൂർച്ഛയിൽ ദു;ഖം തകരും
ഞാനന്നു ചിരിക്കും."
നീറായ വനത്തിൻനടുവിൽ
നിൽപ്പു കാട്ടാളൻ.......
നെഞ്ചത്തൊരു പന്തം കുത്തി
നിൽപ്പു കാട്ടാളൻ.......

**സമ്പാദിച്ചത്**
**ആരതി, ദീപ്തി, അശ്വതി**




**ആരതി വർമ്മ വി എൻ**

# ആഗ്രഹം




മകനെ പഠിപ്പിച്ച് ഡോക്ടറാക്കണമെന്നായിരുന്നു പാർവതിയമ്മയുടെ ആഗ്രഹം. മകനാണെങ്കിൽ ഇലക്ട്രോണിക്സിനോടായിരുന്നു കൂടുതലും താൽപര്യം.വീട്ടിലെ റേഡിയോ,ടി.വി. ഇതെല്ലാമെടുത്തവൻ ഇടക്കെ റിപ്പയർ ചെയ്ത് നോക്കും.അതിൽ ചിലമാറ്റങ്ങൾ വരുത്താനും അവന് കഴിയുമായിരുന്നു.അങ്ങനെ സ്വന്തമായിചെറിയ ചെറിയ കണ്ടുപിടിത്തങ്ങൾ അവൻ നടത്തി.

അമ്മയുടെ മോഹം മകന്റെ വളർച്ചക്കൊപ്പം വളർന്നു.അയൽവീട്ടിലെ കുട്ടി MBBS ന് റഷ്യയിലേക്ക് പോവുകയാണെന്ന് മറ്റുള്ളവരിൽ നിന്നും പാർവ്വതിയമ്മ അറിഞ്ഞു.അതറിഞ്ഞതോടെ പാർവ്വതിയമ്മക്കും തന്റെ മകനെ MBBS ന് അയക്കാൻ തിടുക്കമായി.പിന്നീട് അതിനുള്ള ഒരുക്കമായി.അമ്മയുടെ നിർബന്ധ
ത്തിന് വഴങ്ങി മകൻ മനസില്ലാമനസോടെ റഷ്യയിലേക്ക് പോയി. മകൻ പോയതോടെ പാർവ്വതിയമ്മ കാണു-
ന്നവരോടെല്ലാം തന്റെ മകൻ MBBS ന് റഷ്യയിലേക്ക് പോയ വിവരം എരിവും പുളിയും ചേർത്ത് പറയാൻ തുടങ്ങി. വർഷം അഞ്ച് കഴിഞ്ഞു.കുമനും കൂട്ടുകാരനും ഡോക്ടറായി തിരിച്ച് വന്നു.അവർ ഇവിടെ ഒരു ഹോസ്പിറ്റലിൽ പ്രാക്ടീസ് ചെയ്തു തുടങ്ങി.പാർവ്വതിയമ്മയുടെ മകൻ ചെയ്യുന്ന ഓപ്പറേഷനിലെല്ലാം കത്തിയോ,പഞ്ഞിയോ മറന്ന് വെക്കൽ പതിവായി.അതോടെ പാർവ്വതിയമ്മയുടെ മനസമ്മാധാനം നഷ്ട്പ്പെട്ടു.നാട്ടുകാർക്കിടയിൽ അതൊരു വലിയ ചർച്ചാവിഷയമായി.ഒരു ഇലക്ട്രോണിക്സ് ഉപകരണം നന്നാക്കു-
ന്ന ലാഘവത്തോടെ തന്റെ മകൻ ഓരോ മനുഷ്യരേയും കീറിമുറിക്കുന്ന വിവരം കേട്ട് ആ അമ്മ പൊട്ടിക്കരഞ്ഞു. ഒരാൾക്ക് ആയുസ്സിനേക്കാൾ കൂടുതൽ ആഗ്രഹങ്ങളാണ്.അത്കൊണ്ട് അവനവന് പഠിക്കാനാഗ്രഹമുള്ളത് പഠിക്കാനനുവദിക്കുക.

ആർജിത്ത്, ഹെർമൽ

# നാടൻ പാട്ടുകൾ

ശേഖരിച്ചത്
ആർജിത്ത് , സജീഷ് , ഹെർമ്മൽ

**<u>വിഡ്ഢിത്തം</u>**

തൃക്കാക്കരപ്പനൊരു വിഡ്ഢിത്തം പറ്റി
പൂവമ്പഴം തിന്നിട്ട് പല്ലൊന്നു പോയി
ഏട്ടത്തല തിന്നിട്ട് പല്ലൊന്നു പൊട്ടി
പൂവെ പൊലി പൂവെ പൊലി പൂങ്കാവിലമ്മേ

**<u>പൂപ്പാട്ട്</u>**

പൂവെക്കാം പുണർന്നേക്കാം
പൂങ്കാവിൽ ചെന്നേക്കാം
പൂവൊന്നൊടിച്ചേക്കാം
പൂവൊന്നു ചൂടിയേക്കാം
പൂവേ പോ! പൂവേ പോ! പൂവേ!




ആര്യ

# ആകാശത്തെ വെള്ളിപ്പറവ

വെള്ളപ്പഞ്ഞിക്കെട്ടുകളോ
വിണ്ണിൽപ്പറവച്ചാർത്തുകളോ
മാനത്തങ്ങനെ പാറുന്നു
ചേലോടങ്ങനെ പാറുന്നു

എൻെറ മനസ്സിൻ താളുകളിൽ
ദൈവത്തിൻെറ ളുണകളായ്
കാറ്റത്താലും മഴയേകീടും
കുളിരേകീടും മേഘങ്ങൾ

എങ്ങനെയാണീ മേഘങ്ങൾ
ഉണ്ടാവുന്നതു പറയാമോ?
കടലുകൾ   നീലക്കായലുകൾ
തോടുകൾ തടാകങ്ങൾ
ഇവയിലെ വെള്ളം വറ്റുന്നു
വെയിലേറ്റങ്ങനെ വറ്റുന്നു
അവയിൽ നിന്നും നീരാവി
ആകാശത്തേക്കുയരുന്നു
ഇങ്ങനെയാണീ മേഘങ്ങ
ഉണ്ടാവുന്നത്  അമ്പമ്പോ.......

**അശ്വതി**

# പുന്നക്കുരുത്തമ്പുരാൻ


തങ്കപ്പൻചേട്ടൻെറ പറമ്പിൽ ഒരു വേനലവധി ആരംഭിക്കുക യായിരുന്നു കളിസംഘാംഗങ്ങൾ പിരിവിട്ടു വാങ്ങിയ ഈർക്കിൽ പടക്കങ്ങൾ ഒന്നു വെള്ളത്തിൽ ; ഒന്നു കരയിൽ എന്ന ക്രമത്തിൽ ആർപ്പുവിളികളുടെ അകമ്പടിയോടെ പൊട്ടിക്കൊണ്ടിരുന്നു. ഉണങ്ങിയ കടചക്കത്തിരിയിൽ നിന്ന് തീ പകർന്ന് തോട്ടിലെ പോയി ഗ് ളും എന്നും പൊട്ടുമ്പോൾ ചിലപ്പോ ചെറുമീനുകൾ രകതസാഷികളായി. മുകളിലേക്കുയർന്ന കണ്ണൻചിരട്ട ഒരു തവണ വിജയൻെറ തലയിൽ വന്നു വീണതോടെ അവൻെറ കരചിൽ അന്തരീക്ഷത്തെ പ്രകമ്പനം കൊള്ളിച്ചു. ബാബു പറഞ്ഞുപോലെ അതുപോലെ അതു കേട്ടാൽ കർണാടകത്തിൽ നിന്നുവരെ ആളെത്തും! പിന്നെയാണോ കുട്ടിമാമൻ? വെളിച്ചപാടിനെപ്പോലെ ചോരയൊലിപ്പിച്ച് നിൽക്കുന്ന വിജയനെക്കണ്ട് കുട്ടിമാമൻ നടുങ്ങി. പിന്നെ സംഗതി പിടികിട്ടി വിജയൻെറ അനേകം ചൂടുകുരുവിൻെറ സമ്മേളനമാണ് 'പുന്നക്കുരുത്തമ്പുരാൻ' എന്നാണ് നാടകകൃത്ത് രാജൻ അയമ്പിളി അവനിട്ടിരിക്കുന്ന വേനൽക്കാല പേര്! കുട്ടിമാമൻ ഭവ്യതയോടെ ചോദിച്ചു; "തമ്പുരാൻ ഒന്നു വീടുവരെ വരമോ ഹമ്പ! എന്തൊരു വിനയം! ചെന്നിലെങ്കിൽ കാണാം . ബാബുവും ഫൽഗുവും പോലുള്ള ദ്രോഹികൾ ഓടിച്ചിട്ട് പിടിച്ച് കൊലയ്ക്കുകൊടുക്കും. തനിയെ ചെല്ലുന്നതാണ് ബുദ്ധി മുറിവുകഴുകൽ സ് പിരിറ്റുകൊണ്ടു തുടയ് കൽ, ഉണങ്ങാനുള പൗഡർ പൂശൽ... ഓ! നീറിച്ചാവനാണ് ഇന്നുയോഗം! എന്തും വരട്ടേയെന്നു കരുതി മൂകനായി തറവാട്ടിലെയ് ക്കു നീങ്ങുമ്പോൾ രജനിയുടെ എരിവൈദ്യം "കാന്താരിമുളക് അരച്ചിട്ടാൽ പെട്ടെന്നുണങ്ങും!" പിന്നാലെ കവി ദ്രോഹി ബാബുവിൻെറ ഈരടി കുട്ടിമാമൻ കരുതിയ സമ്മാനം വാങ്ങാൻ പുന്നക്കുരുത്തമ്പുരാനിതാ പോകുന്നേ ഹോയ് ങ്ഹും! കവിതയും നാടകവുമൊക്കെ മുടിഞ്ഞു പോകട്ടെ!

അവർക്കും വരട്ടെ ചൂടുകുരു!!!!!!!!

**സാന്ദ്ര**

# ആൽകെമിസ്റ്റ്


*[പൗലോ കൊയലോ]*




ബ്രസീലിയൻ സാഹിത്യകാരനായ പൗലോ കൊയ്‌ലോഎഴുതിയ അതിപ്രശസ്തമായ ഒരു നോവലാണ് **ദി ആൽക്കെമിസ്റ്റ്.** ഒരു ആധുനിക ക്ലാസ്സിക് ആയി വാഴ്ത്തപ്പെട്ട ഈ കൃതി 1988-ലാണ് ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത്. പോർച്ചുഗീസ് ഭാഷയിൽ രചിക്കപ്പെട്ട ഈ നോവൽ 67 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ജീവിച്ചിരിക്കുന്ന ഒരു സാഹിത്യകാരന്റെ, ഏറ്റവുമധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട കൃതി എന്ന നിലയിൽ ഗിന്നസ് ബുക്കിൽ ഇടം നേടി. 150 രാജ്യങ്ങളിലായി 65 ദശലക്ഷത്തിലധികം കോപ്പികൾ വിറ്റഴിക്കപ്പെട്ടു.

ആട്ടിൻപറ്റങ്ങളെ മേച്ചു നടക്കുമ്പോൾ സാന്റിയാഗോ എന്ന ഇടയബാലന്റെ കൈപിടിച്ച് ഒരു കുട്ടി അവനെ ഈജിപ്തിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും പിരമിഡുകളുടെ സമീപമുള്ള നിധി കാട്ടി കൊടുക്കുകയും ചെയ്യുന്നു. സാന്റിയാഗോ ഈ സ്വപ്ന ദർശനത്തിന്റെ പ്രേരണയിൽ യാത്രതിരിക്കുന്നു. 'ആൽകെമിസ്റ്റ്' ആ യാത്രയുടെ കഥയാണ്. ജീവിതത്തിലൂടെ സന്ദേഹിയായ മനുഷ്യൻ നടത്തുന്ന തീർഥയാത്ര. ഐഹികജീവിതത്തിന് ദൈവികമായ സൗന്ദര്യം നൽകുന്ന വഴിയാണ് ലോകപ്രശസ്ത ബ്ര സീലിയൻ സാഹിത്യകാരൻ പൗലോ കൊയലോയുടേത്. വായനക്കാരുടെ ജീവിതത്തെയാകെ മാറ്റിമറിക്കുന്ന 'ആൽകെമിസ്റ്റ്'എന്ന കൃതി.

# ബേപ്പൂർ സുൽത്താൻ




സാഹിത്യം കൊണ്ടും ജീവിതം കൊണ്ടും  മലയാളികളെ വിസ്മയിപ്പിച്ച വൈക്കം മുഹമ്മദ് ബഷീൻെറ വേർപ്പാടിന് ഒരു വർഷം കൂടി -ജൂലായ് 5 മലയാള സാഹിത്യത്തിലെ കുലപതികളിലൊരാളായ ബേപ്പൂർ സുൽത്താൻെറ അനുസ്മരണ ദിനം ആയിരുന്നു.

ആരായിരുന്നു നമ്മുക്കു ബഷീർ?  എഴുത്തും ജീവിതവും രണ്ടല്ലെന്ന് ബോധ്യപ്പെടുത്തിയ ഒരു മനുഷ്യൻ.

പലരും കഥ എഴുതിയപ്പോൾ ബഷീർ കഥ പറയുകയായിരുന്നു.വാമോഴി വഴക്കത്തിലൂടെ ബഷീർ തനിക്കു ചുറ്റുമുള്ള ജീവിതങ്ങൾ ആവിഷ്കരിച്ചപ്പോൾ അത് കഥ എഴുത്തിൽ പുതിയ മാനങ്ങൾ സൃഷ്ടിച്ചു.വ്യകരണത്തിന്റെ അതിർ വരമ്പുകൾ മറികടന്ന് ബഷീർ തന്റെതായ ഭാഷയും സാഹിത്യവും സൃഷ്ടിച്ചു.അത് നമുക്ക് ഒരു ഇരുപ്പിന് വായിച്ചു തീർക്കാവുന്ന അനുഭവങ്ങളായി.ബഷീറിന്റെ തമാശകൾ കണ്ണീരിൽ കുതിർന്നതായിരുന്നു.ചിരിപ്പിക്കാൻ മാത്രമല്ല,ചിന്തിപ്പിക്കാനും കണ്ണീരണിയിക്കാനും ആ ആഖ്യാനരീതി പ്രേരികമായി.

ബഷീർ പച്ചയായ മനുഷ്യനായിരുന്നു.അലങ്കാരവും ആഡംബരങ്ങളുമില്ലാത്ത ബഷീറിന്റെ ശൈലിയും പച്ചയായിരുന്നു.ബഷീറിന്റെ എഴുത്തുകളുമൊക്കെ സ്വന്തം സമൂഹത്തിനുനേരെ തുറന്നുവച്ച ബഷീറിന്റെ എഴുത്തുകൾ.

## ***ബഷീർ – ജീവിതരേഖ***

ജനനം; 1908    ജനദേശം;തലയോലപ്പറമ്പ്

പിതാവ്;കായി അബ്ദുറഹിമാൻ    മാതാവ്; കുഞ്ഞിതാച്ചുമ്മ

വിദ്യാഭ്യാസം; തലയോലപ്പറമ്പ് മുഹമ്മദൻLP SCHOOL,  വൈക്കം ഇംഗ്ലീഷ് സ്കൂൾ

വിവാഹം ; 1958    ചരമം; 1994 ജൂലായ് 5

# ഗുരുവും ശിഷ്യനും



ഒരിക്കൽ ഒരു ഗുരുവിന് എവിടെ നിന്നോ കുറേ ഈന്തപ്പഴം ലഭിച്ചു. അദ്ദേഹം അത് തൻെറ മുറിയിൽ സൂക്ഷിച്ചു വച്ചു. ഈന്തപ്പഴങ്ങളത്രയും തനിയെ തിന്നണമെന്നു കരുതിയ ഗുരു തൻെറ കൂടെ താമസിക്കുന്ന ശിഷ്യനെ വിളിച്ചു പറഞ്ഞു.

"കുട്ടീ,എൻെറ മുറിയിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന ഈ പഴങ്ങൾ വിഷമയമാണ്. അതിനാൽ നീ ഇത് തിന്നരുത്, തൊടുക പോലും അരുത്."

ശിഷ്യൻ ആലോചിച്ചു; വിഷമയമായ പഴങ്ങൾ ഗുരു എന്തിനു സൂക്ഷിച്ചു വയ്ക്കണം? പക്ഷെ അവൻ സംശയം കാണിച്ചില്ല. പഴങ്ങൾ കണ്ട് ശിഷ്യന് കൊതി സഹിക്കാതെ വയ്യാതായി. ഒരു ദിവസം ഗുരു സ്ഥലത്തില്ലാതിരുന്ന തക്കം നോക്കി അവൻ ആ പഴങ്ങളത്രയും തിന്നു തീർത്തു. അതിനുശേഷം ഗുരുവിൻെറ വിലപിടിപ്പുള്ള മഷിക്കുപ്പി താഴെയിട്ടു പൊട്ടിച്ചു. എന്നിട്ട് ഒന്നുമറിയാത്ത മട്ടിൽ കട്ടിലിൽ പോയി പുതച്ചു മൂടിക്കിടന്നു.

യാത്ര കഴിഞ്ഞ് ഗുരുമടങ്ങിയെത്തി.വിഷാദഭാവത്തിൽ മൂടിപ്പുതച്ചു കിടക്കുന്ന ശിഷ്യനെ നോക്കി ഗുരു ചോദിച്ചു; "നിനക്കെന്തു പറ്റി?"

കിടന്നു കൊണ്ട് തന്നെ തളർന്ന സ്വരത്തിൽ ശിഷ്യൻ തട്ടിവിട്ടു. "ഗുരോ, എൻെറ കയ്യിൽ നിന്നും അവിടുത്തെ വിലപിടിപ്പുള്ള മഷിക്കുപ്പി താഴെ വീണുപൊട്ടി. അത് പൊറുക്കാനാവാതെ അപരാധമാണെന്ന് എനിക്കു തോന്നി. മരിക്കുകയല്ലാതെ മറ്റൊരു വഴിയും ഞാൻ കാണാത്തതുകൊണ്ട് അങ്ങയുടെ മുറിയിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന വിഷമയമായ പഴങ്ങൾ മുഴുവൻ ഞാൻ തിന്നു. മരിക്കുന്നതിനു മുമ്പയി അങ്ങയെ ഒരു നോക്കുകാണാനും അപരാദം ഏറ്റുപറയാനും കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്."

ഏതായാലും ശിഷ്യൻെറ അടവ് നന്നായി അറിയാവുന്ന ഗുരു അവനോട് അപ്രിയമൊന്നും കാണിക്കാതെ പൊട്ടിച്ചിരിച്ചു. മരിക്കാനായി കിടന്ന ശിഷ്യനും ചാടിയെണീറ്റ് ആ ചിരിയിൽ പങ്ക് ചേർന്നു.

എങ്ങനെയുണ്ട് കൂട്ടുകാരേ ശിഷ്യൻെറ ബുദ്ധി?

# ചിത്രം



ചിത്രമാണെൻ മനം കവരുന്നത്
ഈ ചിത്രമെന്നാത്മാവിൽ നിറയുന്നതും
ചിത്രം വിചിത്രമായ് തീരുന്നതും
ഈ ചിത്രമൊരു പാട്ടിന്റെ പാലാഴിയും
മണ്ണും മരങ്ങളും ചേർന്നുനിന്നും
ചിത്രമായ് മാധുര്യമേകീടുവാൻ
ഓരോ പുൽനാമ്പിന്റെ തുമ്പുകളും
ഒരു ചിത്ര തരംഗമായ് പൂത്തുനിൽക്കും
പൂമ്പൊടിയേറ്റു കിടക്കുമ്പോഴും
കനവിന്റെ ചിത്രമാണെന്റെ ചിത്രം
ആകാശഗംഗയിൽ ആഴത്തിലും
രസകര ചിത്രമാണെന്റെ ചിത്രം
ഇന്നുമെന്നാത്മാവിൽ നിറയുന്നതും